## പ്രധാനവാർത്തകൾ

1. ഓപ്പറേഷൻ സിന്ദൂർ സംബന്ധിച്ച ചർച്ചകൾ ലോക്സഭയിൽ പുരോഗമിക്കുന്നു. ഭീകരതയോട് സഹിഷ്ണുതയില്ല എന്ന ഇന്ത്യയുടെ സന്ദേശം പാകിസ്ഥാന് കൈമാറാൻ ഓപ്പറേഷൻ സിന്ദൂറിലൂടെ സാധിച്ചതായി രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിങ്ങ്.
2. വനിതാ ചെസ്സ് ലോകകപ്പ് കിരീടം സ്വന്തമാക്കി ഇന്ത്യയുടെ ദിവ്യ ദേശ്മുഖ്. ഈ ചരിത്രനേട്ടം സ്വന്തമാക്കുന്ന ആദ്യ ഇന്ത്യക്കാരിയാണ് ദിവ്യ.
3. ഗർഭാശയഗള കാൻസർ പ്രതിരോധത്തിനായി സംസ്ഥാനത്തെ പ്ലസ് വൺ, പ്ലസ് ടു വിദ്യാർത്ഥിനികൾക്ക് എച്ച്പിവി വാക്സിനേഷൻ ആരംഭിക്കുമെന്ന് ആരോഗ്യ മന്ത്രി വീണാ ജോർജ്.
4. നിറപുത്തിരി പൂജകൾക്കായി ശബരിമല നട നാളെ തുറക്കും.
5. കേരളത്തിൽ മഴയ്ക്ക് നേരിയ ശമനം. കണ്ണൂർ കാസർഗോഡ് ജില്ലകളിൽ മഞ്ഞ ജാഗ്രത. കേരള-കർണാടക-ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് വിലക്ക്.

&&&&&&&&&&&&&&&&&&

PNU TVPM

### ഓപ്പറേഷൻ സിന്ദൂർ

ഓപ്പറേഷൻ സിന്ദൂർ സംബന്ധിച്ച പ്രത്യേക ചർച്ച ലോക്സഭയിൽ പുരോഗമിക്കുന്നു. പഹൽഗാം ഭീകരാക്രമണത്തിൽ കൊല്ലപ്പെട്ടവരുടെ കുടുംബങ്ങൾക്ക്

നീതിയുറപ്പാക്കാൻ ഓപ്പറേഷൻ സിന്ദൂറിലൂടെ സാധിച്ചതായി ചർച്ചയ്ക്ക് തുടക്കം കുറിച്ച് രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിങ്ങ് പറഞ്ഞു. സൈനിക നടപടി എന്നതിലുപരി, ഇന്ത്യയുടെ അഖണ്ഡതയും, ദേശീയസ്വത്വവും, ഭീകരവാദത്തിനെതിരായ നയങ്ങളും വ്യക്തമാക്കുന്നതായിരുന്നു ഓപ്പറേഷൻ സിന്ദൂർ.

പാകിസ്ഥാനിൽ 9 ഭീകരകേന്ദ്രങ്ങൾ ഇതിലൂടെ ഇന്ത്യ തകർക്കുകയും നൂറിലേറെ ഭീകരരെ വധിക്കുകയും ചെയ്തു.

ഭീകരതയോട് സഹിഷ്ണുതയില്ല എന്ന ഇന്ത്യയുടെ സന്ദേശം പാകിസ്ഥാന് കൈമാറാനും ഇതിലൂടെ ഇന്ത്യയ്ക്ക് സാധിച്ചു.

(ഹോൾഡ്)

ഇന്ത്യയിലെ പ്രധാന ലക്ഷ്യസ്ഥാനങ്ങൾ ആക്രമിക്കാൻ പാകിസ്ഥാന് കഴിഞ്ഞില്ലെന്നും ശ്രീ രാജ്നാഥ്സിങ്ങ് വ്യക്തമാക്കി. ഇന്ത്യൻ സേനയുടെ ശക്തമായ കടന്നാക്രമണമാണ് പാകിസ്ഥാനെ കീഴടങ്ങാൻ പ്രേരിപ്പിച്ചത്.

RNU TVPM

ഭീകരതയും, ചർച്ചയും ഒരുമിച്ച് കൊണ്ട് പോകാൻ സാധിക്കില്ലെന്ന മോദി സർക്കാരിൻറെ നിലപാടും പാകിസ്ഥാന് വ്യക്തമായതായി അദ്ദേഹം പറഞ്ഞു. 16 മണിക്കൂറാണ് ചർച്ചയ്ക്ക് ലോക്സഭയിൽ സമയം അനുവദിച്ചിരിക്കുന്നത്.

&&&&&&&&&&&&&&&&&&

## രാജ്യസഭ നിർത്തിവെച്ചു

വിവിധ വിഷയങ്ങളിലെ പ്രതിപക്ഷ പ്രതിഷേധത്തെ തുടർന്ന് രാജ്യസഭ ഇന്നത്തേക്ക് പിരിഞ്ഞു. ബിഹാർ തീവ്ര വോട്ടർ പട്ടികാ പരിഷ്കരണം ഉൾപ്പെടെ ഉയർത്തിയുള്ള പ്രതിഷേധത്തെ തുടർന്ന്

പലതവണ നിർത്തിവച്ച സഭ, രണ്ട് മണിയോടെ നടപടികൾ പൂർത്തിയാക്കി ഇന്നത്തേക്ക് പിരിയുകയായിരുന്നു.

&&&&&&&&&&&&&&&&&&&

## ചെസ്സ്

ഫിഡെ വനിതാ ചെസ്സ് ലോകകപ്പ് കിരീടം സ്വന്തമാക്കി ഇന്ത്യയുടെ ദിവ്യ ദേശ്മുഖ്. ഈ ചരിത്രനേട്ടം സ്വന്തമാക്കുന്ന ആദ്യ ഇന്ത്യക്കാരിയാണ് ദിവ്യ. ടൈ ബ്രേക്കറിൽ ഇന്ത്യയുടെ കൊനേരു ഹംപിയെ പരാജയപ്പെടുത്തിയാണ് 19 കാരിയായ ദിവ്യ ദേശ്മുഖ് ലോക ചെസ് കിരീടം സ്വന്തമാക്കിയത്. ഗ്രാൻഡ് മാസ്റ്റർ പദവി നേടുന്ന നാലാമത്തെ ഇന്ത്യക്കാരിയായി ഇതോടെ ദിവ്യ മാറി. ജോർജിയയിലെ ബറ്റൂമിയിൽ നടന്ന ചെസ് ലോകകപ്പ് ഫൈനലിലെ ആദ്യ രണ്ട് ഗെയിമുകളും സമനിലയിൽ എത്തിയതോടെയാണ് മത്സരം ടൈ ബ്രേക്കറിലേക്ക് കടന്നത്.

&&&&&&&&&&&&&&&&&&&

## വയനാട് പുനരധിവാസം (ഇൻട്രോ)

വയനാട് മുണ്ടക്കൈ- ചൂരൽമല ഉരുൾപൊട്ടൽ ദുരന്തത്തിന് മറ്റന്നാൾ ഒരു വയസ്സ്. ദുരന്തബാധിതർക്കായി സർക്കാർ നിർമ്മിച്ച് നൽകുന്ന ടൗൺഷിപ്പിൻറെ നിർമ്മാണം പുരോഗമിക്കുകയാണ്. ആദ്യഘട്ടത്തിൽ 50 വീടുകളുടെ നിർമ്മാണമാണ് ആരംഭിച്ചത്. ഡിസംബറിന് മുമ്പായി മുഴുവൻ വീടുകളുടെയും നിർമ്മാണം പൂർത്തിയാക്കി ദുരിതബാധിതർക്ക് കൈമാറാനാകുമെന്ന് ചൂരൽമല ടൗൺഷിപ്പ് സ്പെഷ്യൽ ഓഫീസർ എസ് സുഹാസ് പ്രതീക്ഷ പങ്കുവച്ചു.

(ഹോൾഡ്)

RNU TVPM

&&&&&&&&&&&&&&&&&&&

## പുത്തുമല ശ്മശാന ഭൂമി

മുണ്ടക്കൈ - ചൂരൽമല ദുരന്തത്തിൽ മരണമടഞ്ഞവരെ സംസ്ക്കരിച്ച പുത്തുമല ശ്മശാന ഭൂമി ഇനി മുതൽ "ജൂലൈ 30 ഹൃദയഭൂമി" എന്ന പേരിൽ അറിയപ്പെടും. മേപ്പാടി ഗ്രാമപഞ്ചായത്തിൽ നടന്ന സർവ്വ കക്ഷിയോഗത്തിൽ അനുയോജ്യമായ പേര് നിർദ്ദേശിക്കാൻ ആവശ്യപ്പെട്ടിരുന്നു. മേപ്പാടി ഗ്രാമപഞ്ചായത്ത് അംഗമായ ശ്രീ.യു.എ.അജ്മൽ സാജിദ് ആണ് "ജുലൈ 30 ഹൃദയഭുമി" എന്ന പേര് നിർദ്ദേശിച്ചത്.

&&&&&&&&&&&&&&&&&&&

## കാൻസർ പ്രതിരോധ വാക്സിൻ-വീണാ ജോർജ്

RNU TVPM

സംസ്ഥാനത്ത് ഗർഭാശയഗള കാൻസർ പ്രതിരോധത്തിനായി പ്ലസ് വൺ, പ്ലസ് ടു വിദ്യാർത്ഥിനികൾക്ക് എച്ച്പിവി വാക്സിനേഷൻ ആരംഭിക്കുമെന്ന് ആരോഗ്യ മന്ത്രി വീണാ ജോർജ്. ഒരാഴ്ചയ്ക്കകം ടെക്നിക്കൽ കമ്മിറ്റി യോഗം ചേർന്ന് വാക്സിൻ സംബന്ധിച്ച് അന്തിമ തീരുമാനമെടുക്കും. സ്ത്രീകളെ ഏറ്റവും അധികം ബാധിക്കുന്ന കാൻസറുകളിലൊന്നാണ് ഗർഭാശയഗള കാൻസർ. 9 മുതൽ 14 വയസുവരെയാണ് എച്ച്പിവി വാക്സിൻ ഏറ്റവും ഫലപ്രദം. അതേസമയം 26 വയസുവരെ എച്ച്പിവി വാക്സിൻ നൽകാവുന്നതാണ്. വാക്സിൻ കൊണ്ട് പ്രതിരോധിക്കാൻ സാധിക്കുന്നതാണ് ഗർഭാശയഗള കാൻസർ. ഇത് മുന്നിൽ കണ്ടാണ് മുഖ്യമന്ത്രിയുടെ നിർദേശാനുസരണം സംസ്ഥാനം സുപ്രധാന തീരുമാനം എടുത്തതെന്നും മന്ത്രി വ്യക്തമാക്കി.

&&&&&&&&&&&&&&&&&&&

## ഛത്തീസ്ഗഡ് - വീട് സന്ദർശിച്ചു

ഛത്തീസ്ഗഡിലെ ദുർഗിൽ അറസ്റ്റിലായ സിസ്റ്റർ പ്രീതി മേരിയുടെ അങ്കമാലിയിലെ വീട് മന്ത്രിമാരായ പി. രാജീവും റോഷി അഗസ്റ്റിനും സന്ദർശിച്ചു. അതീവ പ്രതിഷേധാർഹയ സംഭവമാണിതെന്ന് മന്ത്രി റോഷി അഗസ്റ്റിൻ പറഞ്ഞു. മലയാളി കന്യാസ്ത്രീകളെ ഛത്തീസ്ഗഡിൽ അറസ്റ്റ് ചെയ്ത സംഭവം അടിയന്തരമായി ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് കേരളത്തിൽ നിന്നുള്ള എംപിമാർ ഇന്ന് പാർലമെൻറിൽ നോട്ടീസും നൽകിയിരുന്നു. കന്യാസ്ത്രീകളെ ഉടൻ മോചിപ്പിക്കണമെന്നും ഇത് ഒറ്റപ്പെട്ട സംഭവമല്ലെന്നും പ്രതിപക്ഷ നേതാവ് വി ഡി സതീശൻ പറഞ്ഞു. അതേസമയം പ്രശ്നപരിഹാരത്തിനായി ബിജെപി സംസ്ഥാന അധ്യക്ഷൻ രാജീവ് ചന്ദ്രശേഖറിന്റെ നിർദ്ദേശ പ്രകാരം, ബിജെപിയുടെ പ്രതിനിധി സംഘം നാളെ റായ്പൂരിലേക്ക് പോകും. സംഭവത്തിൽ നീതിയുക്തമായ അന്വേഷണം ആവശ്യപ്പെട്ട് പ്രധാനമന്ത്രിയെ സമീപിച്ചതായും ബിജെപി സംസ്ഥാന നേതൃത്വം വ്യക്തമാക്കി.

&&&&&&&&&&&&&&&&&&

RNUTVPM

## എം ബി രാജേഷ്. മാലിന്യസംസ്കരണം-

മാലിന്യക്കൊട്ടകൾ സ്ഥാപിച്ചിട്ടും പൊതു ഇടങ്ങളിൽ മാലിന്യം വലിച്ചെറിയുന്നവർക്കെതിരെ ശക്തമായ നിയമനടപടി സ്വീകരിക്കുമെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി എം ബി രാജേഷ്. മാലിന്യസംസ്കരണം ലക്ഷ്യമിട്ട്, കോഴിക്കോട് കോർപറേഷൻ ഞെളിയൻപറമ്പിൽ ആരംഭിക്കുന്ന കംപ്രസ്ഡ് ബയോഗ്യാസ് പ്ലാന്റ് കരാർ ഒപ്പുവെക്കൽ ചടങ്ങിൽ സംസാരിക്കുകയായിരുന്നു മന്ത്രി. 150 ടൺ ജൈവമാലിന്യം സംസ്കരിച്ച് കംപ്രസ്സ്ഡ് ബയോഗ്യാസ് ഉത്പാദിപ്പിക്കുന്ന പ്ലാൻറ് കൊച്ചി ബ്രഹ്മപുരത്ത് സ്ഥാപിച്ചു കഴിഞ്ഞതായും ശ്രീ എം ബി രാജേഷ് വ്യക്തമാക്കി.

&&&&&&&&&&&&&&&&&&

## സ്കൂളുകളിൽ പുതുക്കിയ മെനു(ഇൻട്രോ)

സംസ്ഥാനത്തെ സ്കൂളുകളിൽ പുതുക്കിയ മെനു അനുസരിച്ചുള്ള ഉച്ചഭക്ഷണം ഓഗസ്റ്റ് ഒന്നു മുതൽ വിതരണം ചെയ്യും.

**വിശദാംശങ്ങളുമായി ആകാശവാണി തിരുവനന്തപുരം ജില്ലാപ്രതിനിധി രെജു കോലിയക്കോട് .... വോയ്സ് .....**

&&&&&&&&&&&&&&&&&&

## വൈക്കം -വള്ളം മറിഞ്ഞ് അപകടം

വൈക്കത്തിനടുത്ത് ചെമ്പ് മുറിഞ്ഞ പുഴയിൽ വള്ളം മറിഞ്ഞുണ്ടായ അപകടത്തിൽ ഒരാളെ കാണാതായി. പാണാവള്ളി സ്വദേശി കണ്ണനെയാണ് കാണാതായത്. വള്ളത്തിലുണ്ടായിരുന്ന 30 പേരിൽ 29 പേരെയും രക്ഷപ്പെടുത്തി. മരണ വീട്ടിലേക്ക് പോയവർ കയറിയ വള്ളം ഇന്നുച്ചയോടെയാണ് മറിഞ്ഞത്. കാണാതായ ആൾക്കായി ഫയർഫോഴ്സ് തിരച്ചിൽ തുടരുകയാണ്.

RNU TVPM

&&&&&&&&&&&&&&&&&&

## മോഹനൻ ഭഗവത്

കോളനിവൽക്കരണത്തിൻറെ ഫലങ്ങളിൽ നിന്ന് രാജ്യം പൂർണമായും മുക്തമായിട്ടില്ലെന്ന് ആർഎസ്എസ് സർ സംഘ ചാലക് മോഹൻ ഭാഗവത്. വിദ്യാഭ്യാസ സമ്പ്രദായത്തിൽ ഭാരതീയ മൂല്യങ്ങൾ ഉൾക്കൊള്ളിച്ച് കോളനിവത്കരണത്തിൽ നിന്നും പൂർണ്ണമായും മുക്തമായ തലമുറയെ സൃഷ്ടിക്കണമെന്നും അദ്ദേഹം പറഞ്ഞു. ശിക്ഷാ സംസ്കൃതി ഉത്ഥാൻ ന്യാസിൻറെ ജ്ഞാനസഭ സമാപന സമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

&&&&&&&&&&&&&&&&&&&

## നിറപുത്തരി -ശബരിമല

നിറപുത്തിരി പൂജകൾക്കായി ശബരിമല നട നാളെ തുറക്കും. മറ്റന്നാൾ പുലർച്ചെ 5. 30നും 6.30 നും ഇടയിലാണ് നിറപുത്തരി പൂജകൾ. നിറപുത്തരിയ്ക്കായുള്ള നെൽകതിരുകളുമായി ഘോഷയാത്ര നാളെ രാവിലെ 4. 30ന് അച്ചൻകോവിൽ ശ്രീധർമ്മശാസ്താ ക്ഷേത്രത്തിൽ നിന്ന് പുറപ്പെടും. തിരുവനന്തപുരം ശ്രീ പത്മനാഭ സ്വാമി ക്ഷേത്രത്തിലും മറ്റന്നാൾ പുലർച്ചെ നിറപുത്തരി ചടങ്ങ് നടക്കും. ഇതിന് വേണ്ട കതിർക്കറ്റകൾ മേയർ ആര്യ രാജേന്ദ്രനിൽ നിന്നും ക്ഷേത്ര ഭരണസമിതി അംഗങ്ങൾ ഇന്ന് രാവിലെ ഏറ്റുവാങ്ങി.

RNU TVPM

&&&&&&&&&&&&&&&&&&&

## മഴ

കേരളത്തിൽ മഴയ്ക്ക് നേരിയ ശമനം. ഒറ്റപ്പെട്ട ശക്തമായ മഴയ്ക്കുള്ള സാധ്യത കണക്കിലെടുത്ത് കണ്ണൂർ കാസർഗോഡ് ജില്ലകളിൽ ഇന്നും നാളെയും മറ്റന്നാളും മഞ്ഞ ജാഗ്രത നൽകിയിട്ടുണ്ട്. കേരള- ലക്ഷദ്വീപ് തീരങ്ങളിൽ നാളെ വരെയും, കർണാടക തീരത്ത് മറ്റന്നാൾ വരെയും മത്സ്യബന്ധനത്തിന് പോകരുതെന്നാണ് മുന്നറിയിപ്പ്..

&&&&&&&&&&&&&&&&&&&

## മാട്ടുപ്പെട്ടി അണക്കെട്ട് തുറന്നു.

ജലനിരപ്പുയർന്നതോടെ മാട്ടുപ്പെട്ടി അണക്കെട്ട് തുറന്നു. നിലവിൽ അണക്കെട്ടിൻറെ ഒരു ഷട്ടർ 20 സെൻറീമീറ്റർ ഉയർത്തി 11

ക്യുമിക്സ് വെള്ളമാണ് പുറത്തേക്കൊഴുക്കുന്നത്. കഴിഞ്ഞ ദിവസങ്ങളിലൊക്കെയും ജലാശയത്തിൻറെ വൃഷ്ടി പ്രദേശങ്ങളിൽ ശക്തമായ മഴ പെയ്യതോടെയാണ് അണക്കെട്ടിലേക്കുള്ള നീരൊഴുക്ക് വർധിച്ചത്. അണക്കെട്ടിൽ നിന്നും ഒഴുകിയെത്തുന്ന വെള്ളം മുതിരപ്പുഴയിൽ ചേരുകയും തുടർന്ന് കല്ലാർകുട്ടി, ലോവർ പെരിയാർ വഴി ഒഴുകി പോകുകയും ചെയ്യുന്ന സാഹചര്യത്തിൽ നദീതീരത്ത് താമസിക്കുന്നവർ ജാഗ്രത പാലിക്കണം.

&&&&&&&&&&&&&&&&&&

## ഓഹരി/സ്വർണം

രാജ്യത്തെ ഓഹരി വിപണികളിൽ ഇടിവ്. സെൻസെക്സ് 572 പോയിൻറ് നഷ്ടത്തിൽ 80,891 ലും ദേശീയ ഓഹരി സൂചിക നിഫ്റ്റി 156 പോയിൻറ് നഷ്ടത്തിൽ 24,681-ലും വ്യാപാരം അവസാനിപ്പിച്ചു. സ്വർണവിലയിൽ മാറ്റമില്ല. ഗ്രാമിന് 9,160 രൂപയും പവന് 73,280 രൂപയുമാണ് ഇന്നത്തെ വില

&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&
&&&&&&

RNUTVPM